**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 893** **11-02-2025 - ൽ മറുപടിയ്ക്ക്**

**എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ വെട്ടിക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50 ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കുറവ് വരുത്തിയിട്ടില്ല .2024-25 ലെ അവസാന പാദത്തിൽ പദ്ധതി പുരോഗതി വിലയിരുത്തി മുൻഗണനക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട് . |
| (ബി) | എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള എസ്.സി.പി./ ടി.എസ്.പി. ഫണ്ടിലെ വെട്ടിക്കുറവ് ഈ വിഭാഗങ്ങളുടെ പദ്ധതികൾ പ്രതിസന്ധിയിലാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പുവർഷം ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ മുൻഗണനാക്രമം പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ചട്ടം 300 പ്രകാരം സഭയിൽ പ്രഖ്യാപിച്ച വിദ്യാഭ്യാസ ആനുകൂല്യം , മിശ്ര വിവാഹ ധനസഹായം എന്നിവക്ക് ബജറ്റിന് പുറമേ അധിക സഹായവും ലഭ്യമാക്കുന്നുണ്ട് . |
| (സി) | ഇപ്രകാരം എസ്.സി.പി./ ടി.എസ്.പി. ഫണ്ടിലെ വെട്ടിക്കുറവ് ഈ ദുർബല വിഭാഗങ്ങളെ ഏതുതരത്തിലാണ് ബാധിക്കുകയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പുവർഷം ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ മുൻഗണനാക്രമം പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ചട്ടം 300 പ്രകാരം സഭയിൽ പ്രഖ്യാപിച്ച വിദ്യാഭ്യാസ ആനുകൂല്യം , മിശ്ര വിവാഹ ധനസഹായം എന്നിവക്ക് ബജറ്റിന് പുറമേ അധിക സഹായവും ലഭ്യമാക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ